# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 275** — **07/08/2017-ൽ മറുപടിക്ക്**

### പകർച്ചപ്പനി പ്രതിരോധിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്.<br>സംസ്ഥാനത്ത് ചില ജില്ലകളിൽ വർദ്ധിച്ച തോതിലുണ്ടായ ഡെങ്കിപ്പനിയും അതു മൂലമുണ്ടായ മരണങ്ങളും നിയന്ത്രണവിധേയമാക്കാനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>• പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുക് നിരീക്ഷണവും ശക്തിപ്പെടുത്തി.<br>• പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല വിദഗ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.<br>• കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ(ഫോഗിങ്ങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തു വരുന്നു.<br>• സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.<br>• മെയ് 19 നും ജൂൺ 19 നും സംസ്ഥാനതല RRT യോഗം 2 പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.<br>• ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 തീയതിയിലും ആയി രണ്ട് ...ക്രേന്ദ്ര |

വിദഗ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.

- മരുന്നുകൾ, ടെസ്റ്റുകിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.
- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി സമയം ദീർഘിപ്പിച്ചു.

**ബി)** ഏതൊക്കെ തരം പകർച്ചപ്പനികളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**ബി)** ഡെങ്കിപ്പനി, എച്ച് 1 എൻ1, എലിപ്പനി, വൈറൽപ്പനി, മലമ്പനി, ചിക്കൻഗുനിയ, ചിക്കൻപോക്സ്, ജപ്പാൻജ്വരം, അഞ്ചാംപനി

**സി)** പനിയെ പ്രതിരോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

**സി)** സംസ്ഥാനത്ത് ചില ജില്ലകളിൽ വർദ്ധിച്ച തോതിലുണ്ടായ ഡെങ്കി-പ്പനിയും അതു മൂലമുണ്ടായ മരണങ്ങളും നിയന്ത്രണവിധേയമാക്കാനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുക നിരീക്ഷണവും ശക്തിപ്പെടുത്തി.
- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല വിദഗ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.
- കൊതുക സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ(ഫോഗിങ്ങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തു വരുന്നു.
- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി-യോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.
- മെയ് 19 നും ജൂൺ 19 നും സംസ്ഥാനതല RRT യോഗം 2 പ്രാവശ്യം കൂടി

സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.

- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 തീയതിയിലും ആയി രണ്ട് കേന്ദ്ര വിദഗ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.
- മരുന്നുകൾ, ടെസ്റ്റ്കിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.
- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി സമയം ദീർഘിപ്പിച്ചു.

**ഡി)** ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നാളിതുവരെ എത്ര പേർ പകർച്ചപ്പനി ബാധിച്ചു മരണപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ?

**ഡി)** അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# Death due to Communicable Disease in 2016 May 25 to 2017 Aug 02

| District | Fever | Dengue | | Lepto | | Malaria | C. pox | Hepatatis A | AES | H1N1 |
|---|---|---|---|---|---|---|---|---|---|---|
| | | Sus | Con | Sus | Con | | | | | |
| TVM | 21 | 45 | 14 | 6 | 7 | 1 | 1 | 1 | 1 | 6 |
| KLM | 12 | 14 | 15 | 2 | 5 | - | 4 | - | 2 | 15 |
| PTA | - | 3 | 1 | 6 | 1 | - | - | 1 | - | 6 |
| IDK | 1 | - | - | 6 | 1 | - | - | - | - | 1 |
| KTM | 9 | 2 | - | 12 | - | - | 1 | 2 | 1 | 2 |
| ALP | 1 | 10 | 2 | 2 | 3 | - | - | - | - | - |
| EKM | 4 | 5 | - | 1 | - | - | - | - | - | 7 |
| TSR | 5 | 5 | 1 | 6 | 4 | - | 3 | 2 | - | 5 |
| PKD | 2 | 41 | 2 | 11 | 5 | - | 4 | 2 | 1 | 9 |
| MLP | 23 | 44 | 1 | 12 | 1 | - | - | 1 | - | 7 |
| KKD | 3 | 22 | 3 | 25 | 2 | - | 1 | 2 | - | 6 |
| WYD | - | - | 1 | 2 | - | - | - | - | - | 1 |
| KNR | - | 8 | - | 1 | - | 1 | - | - | - | 3 |
| KSD | 2 | 6 | 2 | 4 | 1 | - | - | - | - | 3 |
| **Kerala** | **83** | **205** | **42** | **96** | **30** | **2** | **14** | **11** | **5** | **71** |

Bindu

സെക്ഷൻ ഓഫീസർ